No.EX.H2/66839/09/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 08/01/2010

# <u>വിജ്ഞാപനം</u>

വിഷയം : ട്രെയ്ൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് പരീക്ഷ - 2010.

സൂചന : 1. ഗവ. ഉത്തരവ് നമ്പർ. GO(Rt)40/10/199 General Education, തീയതി.: 17/10/1998.
2. G.O. (M.S) 413/05 GEdn. dated : 16/11/2005.

1. ട്രെയ്ൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് ഒന്നാംവർഷ, രണ്ടാം വർഷ പരീക്ഷകൾ **2010 ജൂൺ 9 മുതൽ** ആരംഭിക്കുകയാണ്. ഈ വിജ്ഞാപന പ്രകാരമുള്ള ടൈംടേബിൾ അനുസരിച്ചാണ് പരീക്ഷകൾ നടത്തുന്നത്.

2. വിജ്ഞാപനത്തിലെ "അനുബന്ധം ബി" യിൽ കൊടുത്തിട്ടുള്ള പരീക്ഷാകേന്ദ്ര ങ്ങളിലായിരിക്കും പരീക്ഷകൾ നടത്തുന്നത്. ഈ സ്കൂളുകളിലെ പ്രിൻസിപ്പാൾ മാരായിരിക്കും പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്.

3. ഈ വിജ്ഞാപനത്തിന്റെ "അനുബന്ധം എ" യിൽ കൊടുത്തിട്ടുള്ള അപേക്ഷാ ഫാറത്തിൽ പരീക്ഷാർത്ഥികൾ അപേക്ഷ ടി.ടി.ഐ പ്രിൻസിപ്പാൾമാർക്ക് **2010 ജനുവരി 22** നു മുമ്പ് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി ഒന്നും രണ്ടും വർഷ പരീക്ഷകൾ ഒരുമിച്ചെഴുതുന്നുണ്ടെങ്കിൽ രണ്ട് അപേക്ഷകൾ സമർപ്പിക്കണം. ഈ വിജ്ഞാപനപ്രകാരമുള്ള പരീക്ഷാഫീസ് പരീക്ഷാർത്ഥികളിൽ നിന്ന് ടി.ടി.ഐ പ്രിൻസിപ്പാൾമാർ ശേഖരിച്ച് വിജ്ഞാപനത്തിൽ പറയുന്ന തീയതികൾക്ക് മുമ്പ് ബന്ധപ്പെട്ട ട്രഷറികളിൽ ഒടുക്കണം. കഴിഞ്ഞ വർഷത്തെപ്പോലെ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷകളോ, ഫീസോ ശേഖരിക്കേണ്ടതില്ല. ഇതിനു പകരം ഫീസൊടുക്കിയ ചെല്ലാനും കാൻഡിഡേറ്റ് ലിസ്റ്റുമായി ഒത്തുനോക്കി ചീഫ് സൂപ്രണ്ടുമാർ ലിസ്റ്റിൽ ഒപ്പ് രേഖപ്പെടുത്തണം. പരീക്ഷാർത്ഥികളിൽ നിന്നുള്ള അപേക്ഷകൾ ടി.ടി.ഐകളിൽ ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ കിട്ടിയ ടി.ടി.ഐ.യിൽ നിന്നും പിന്നീട് വിദ്യാർത്ഥി മറ്റു ടി.ടി.ഐ യിലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ക്യാൻഡിഡേറ്റ് ലിസ്റ്റിൽ റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

4. ഈ വർഷം അഡീഷണൽ ബാച്ച് അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകൾ (NCTE and Government Order) പരീക്ഷാഭവനിൽ ഹാജരാക്കി ഉത്തരവുവാങ്ങേണ്ടതാണ്.

5. മുൻവർഷങ്ങളിൽ പരാജയപ്പെട്ട് പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഏത് ടി.ടി.ഐയിലാണോ പഠനം പൂർത്തിയാക്കിയത് ആ ടി.ടി.ഐ.യിലായിരിക്കണം ഫീസും അപേക്ഷാഫോറവും, ടി.ടി.സി ബുക്കും നൽകേണ്ടത്. കമ്പ്യൂട്ടറൈസ്ഡ് മാർക്കുലിസ്റ്റുകൾ ടി.ടി.ഐ കളിൽ ശേഖരിക്കുകയോ, പരീക്ഷാഭവനിലേക്ക് അയച്ചുതരുകയോ ചെയ്യേണ്ടതില്ല. പരീക്ഷാകേന്ദ്രത്തിൽ അപേക്ഷയോ, ഫീസോ, ടി.ടി.സി ബുക്കോ ശേഖരിക്കേണ്ടതില്ല. പ്രൈവറ്റ് പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പഠനം പൂർത്തിയാക്കിയ ടി.ടി.ഐയിലല്ലാതെ അപേക്ഷ നൽകുവാൻ അനുവദിക്കുന്നതല്ല. പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഫീസ് പ്രത്യേകം ചെല്ലാനിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

6. ഈ വിജ്ഞാപനത്തിൽ പറയുന്ന തീയതിയിൽ പരീക്ഷാ ഫീസൊടുക്കിയ ഒറിജിനൽ ചെല്ലാൻ രസീതും , കാൻഡിഡേറ്റ് ലിസ്റ്റും (ചീഫ് സൂപ്രണ്ടും, ഡി.ഡി.ഇ.യും കൗണ്ടർ സൈൻ ചെയ്തത്) ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസിൽ എത്തിക്കേണ്ടതാണ്.

7. വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഗവ. ഉത്തരവ് 1 പ്രകാരം പഴയ കരിക്കുലത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥി മിനിമം 40% മാർക്കു വാങ്ങിയാൽ മാത്രമേ വിജയിച്ചതായി പ്രഖ്യാപിക്കപ്പെടുകയുള്ളു. പുതിയ പാഠ്യപദ്ധതി അനുസരിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ എല്ലാ പാർട്ടുകളിലെയും എല്ലാ പേപ്പറുകൾക്കും മിനിമം $C^{+}$ ഗ്രേഡ് വാങ്ങിയാൽ മാത്രമേ അദ്ധ്യാപനയോഗ്യത നേടിയതായി പ്രഖ്യാപിക്കപ്പെടു കയുള്ളു.

8. വിജ്ഞാപനപ്രകാരമുള്ള ഫീസ്, നിശ്ചയിക്കപ്പെട്ട തീയതിക്കുമുമ്പായി അടയ്ക്കുന്ന വിദ്യാർത്ഥികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ. തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിലോ, നിശ്ചയിച്ച തീയതിക്കുശേഷമോ ഫീസൊടുക്കിയ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് റീ ഫണ്ട് ചെയ്യുകയോ വരും വർഷ ങ്ങളിലേയ്ക്കുള്ള പരീക്ഷാ ഫീസായി അഡ്ജസ്റ്റ് ചെയ്യുകയോ ഇല്ല. പരീക്ഷാഭവനിൽ പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷയോ ഫീസോ നേരിട്ട് സ്വീകരിക്കുന്നതല്ല. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (കുടുംബി, കൺവേർട്ടഡ് ക്രിസ്റ്റ്യൻസ് വിദ്യാർത്ഥികൾ ഉൾപ്പെടെ) ആദ്യ രണ്ടു ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല. (ഇങ്ങനെയുള്ള വിദ്യാർത്ഥികൾ രണ്ടാമത്തെ ചാൻസിനായി ആദ്യ ചാൻസിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷിച്ചിരിക്കണം). പരീക്ഷാഫീസ് എത്രയെന്ന് വിജ്ഞാപനത്തിൽ പ്രത്യേകം കാണ ിച്ചിട്ടുണ്ട്.

9. പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ പരീക്ഷ തുടങ്ങുന്നതിന് 3 ദിവസം മുമ്പായി അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

10. പരീക്ഷയുടെ റിസൽട്ട് പ്രഖ്യാപിച്ചതിനുശേഷം സർട്ടിഫിക്കറ്റുകൾ ടി.ടി.ഐ.കളിലേയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം ടി.ടി.ഐ പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. **3** മാസങ്ങൾക്കുള്ളിൽ വിദ്യാർത്ഥി സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങിയില്ലെങ്കിൽ അവ പരീക്ഷാ ഭവനിലേയ്ക്ക് "Unclaimed TTC" എന്നു രേഖപ്പെടുത്തിയ കവറിൽ അയച്ചുതരേണ്ടതാണ്. പിന്നീട് "**0202-01-102-92- അദർ റസിറ്റ്സ്**" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ **100 രൂപ** ചെല്ലാൻ അടച്ചാൽ മാത്രമേ അൺക്ലെയ്മ്ഡ് സർട്ടിഫിക്കറ്റ് നൽകുകയുള്ളു.

11. 2005 മുതൽ ടി.ടി.സി പരീക്ഷയുടെ ടാബുലേഷൻ കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുകയാണ്. ഇതിൻപ്രകാരം വിതരണം ചെയ്യപ്പെട്ട ഒന്നാംവർഷ വിദ്യാർത്ഥികളുടെ മാർക്ക്ഷീറ്റുകൾ പരീക്ഷാഭവനിലേയ്ക്ക് തിരികെ അയച്ചുതരേണ്ടതില്ല. ഒന്നാം വർഷ വിദ്യാർത്ഥികളുടെ മാർക്ക്ഷീറ്റുകൾ പരീക്ഷാഭവനിൽ നിന്നും ലഭിച്ചാൽ ഉടൻതന്നെ വിതരണം ചെയ്യേണ്ട താണ്. ഇത് ടി.ടി.ഐ കളിൽ രണ്ടാം വർഷത്തേക്കുവേണ്ടി സൂക്ഷിക്കുവാൻ പാടില്ല. എന്നാൽ പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ടി.ടി.സി ബുക്കുകൾ A & B ലിസ്റ്റിനോടൊപ്പം ചേർക്കേണ്ടതാണ്.

12. ഈ വിജ്ഞാപനപ്രകാരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ സംബന്ധിച്ചുള്ള പൊതുനിയമങ്ങൾ ബാധകമായിരിക്കും. വിജ്ഞാപന തീയതിക്കുശേഷം നിയമങ്ങളിൽ വരുത്തുന്ന മാറ്റങ്ങളും ഈ വിദ്യാർത്ഥികൾക്ക് ബാധകമായിരിക്കും.

13. പരീക്ഷാഹാളിൽ എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പ്രവേശി ക്കരുത്. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും, മറ്റു വിദ്യാർത്ഥിക്ക് നോക്കി എഴുതുവാൻ അനുവദിക്കുന്നതും, മറ്റു വിദ്യാർത്ഥികളോട് സംസാരിച്ച് സഹായ ത്തോടെ പരീക്ഷ എഴുതുന്നതും പരീക്ഷാ ക്രമക്കേടായി കരുതും. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവു. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ പരീക്ഷാ പേപ്പറിൽ രേഖപ്പെടുത്തിക്കൂടാ. പരീക്ഷാകേന്ദ്രത്തിലെ അച്ചടക്കത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പരീക്ഷാർത്ഥിയെ പുറത്താക്കുന്നതാണ്. പരീക്ഷാക്രമക്കേടുകൾ കാട്ടുന്ന വിദ്യാർത്ഥികളെ പിന്നീടുള്ള തീരുമാനിക്കപ്പെടുന്ന ചാൻസുകളിൽ നിന്നും ഡീബാർ ചെയ്യുന്നതാണ്. പരീക്ഷാക്രമക്കേടിന് പുറത്താക്കപ്പെട്ട വിദ്യാർത്ഥി, അധികാരികൾ തുടർന്നെടുക്കുന്ന തീരുമാനങ്ങൾ അനുസരിച്ചുകൊള്ളാമെന്ന നിബന്ധനയിൽ ഒപ്പിട്ടു നൽകിയാൽ മാത്രമേ തുടർന്നുള്ള പേപ്പറുകൾ എഴുതുവാൻ അനുവദിക്കുകയുള്ളു. പരീക്ഷാഹാളിൽ സെൽഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

## ടി.ടി.സി ഒന്നാംവർഷ പരീക്ഷ-2010 (പുതിയ കരിക്കുലം)

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൻ പ്രകാരം 2005 - 2006 അദ്ധ്യയന വർഷം മുതൽ ട്രെയ്ൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സിന് പുതിയ പാഠ്യപദ്ധതി ആരംഭിച്ചു. പുതിയ പാഠ്യപദ്ധതി അനുസരിച്ച് 3 പാർട്ടുകളായാണ് മൂല്യനിർണ്ണയം നടത്തുന്നത്. ഈ വിജ്ഞാപനത്തോടൊപ്പമുള്ള ടൈംടേബിൾ അനുസരിച്ചാണ് പരീക്ഷ നടത്തേണ്ടത്.

### പാർട്ട് -I തിയറി പരീക്ഷ - ഒന്നാം വർഷം

| പേപ്പർ | വിഷയം | പരീക്ഷാസമയം | ആകെ സ്കോർ |
|---|---|---|---|
| പേപ്പർ I | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | 2½ മണിക്കൂർ | 100 |
| പേപ്പർ II | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 2½ മണിക്കൂർ | 100 |

### പാർട്ട് -II തിയറി പരീക്ഷ - രണ്ടാം വർഷം

| പേപ്പർ | വിഷയം | പരീക്ഷാ സമയം | ആകെ സ്കോർ |
|---|---|---|---|
| പേപ്പർ III | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ IV | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ V | ഗണിതപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VI | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VII | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VIII | കലാ - ആരോഗ്യ - കായിക - പ്രവൃത്തി പരിചയ ഐ.ടി പഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |

## പാർട്ട് -III തുടർ മൂല്യനിർണ്ണയം

പാർട്ട് I, II എന്നിവയിലെ 8 പേപ്പറുകൾക്കും ഒന്നാം വർഷവും രണ്ടാം വർഷവും തുടർ മൂല്യനിർണയമുണ്ട്. സ്കോർ, ശതമാനം എന്നിവയുടെ അടിസ്ഥാനത്തിൽ രണ്ടുവർഷത്തെ ഗ്രേഡിന്റെയും ശരാശരി എടുത്ത് തുടർ മൂല്യനിർണയത്തിന്റെ ഗ്രേഡ് നിശ്ചയിക്കുന്നതാണ്.

| പേപ്പർ | വിഷയം | ആകെ സ്കോർ |
|---|---|---|
| പേപ്പർ I | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | 35 |
| പേപ്പർ II | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 35 |
| പേപ്പർ III | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | 35 |
| പേപ്പർ IV | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | 35 |
| പേപ്പർ V | ഗണിതപഠനം - സമീപനവും പ്രയോഗവും | 35 |
| പേപ്പർ VI | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| പേപ്പർ VII | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| പേപ്പർ VIII | കലാപഠനം - സമീപനവും പ്രയോഗവും | 35 |
| | ആരോഗ്യ - കായിക പഠനം - സമീപനവും പ്രയോഗവും | 35 |
| | പ്രവൃത്തി പരിചയ പഠനം - സമീപനവും പ്രയോഗവും | 35 |
| | ഐ.ടി പഠനം - സമീപനവും പ്രയോഗവും | 35 |

**Grading**

| Grade | Percentage | Grade | Percentage | Grade | Percentage | Grade | Percentage |
|---|---|---|---|---|---|---|---|
| $A^+$ | 90-100 | $B^+$ | 70-79 | $C^+$ | 50-59 | $D^+$ | Below - 40 |
| A | 80-89 | B | 60-69 | C | 40-49 | | |

***Minimum $C^+$ for all Papers in Part I, Part II and Part III, is essential for obtaining eligibility for teaching Profession.***

## ടി.ടി.സി പരീക്ഷ 2006 പഴയ കരിക്കുലം

2004-06 ടി.ടി.സി ബാച്ചുകളിൽ സർക്കാർ/എയ്ഡഡ്/അംഗീകൃത ടി.ടി.ഐ കളിൽ പ്രവേശനം ലഭിച്ചിട്ടുള്ള രണ്ടാം വർഷ ടി.ടി.സി വിദ്യാർത്ഥികൾക്ക് പഴയ കരിക്കുലം അനുസരിച്ചായിരിക്കും പരീക്ഷ. രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് പഴയകരിക്കുലമനുസരിച്ച് PART-III, PART-IV എന്നിവയ്ക്കാണ് പരീക്ഷ നടത്തുന്നത്. കൂടാതെ മുൻവർഷങ്ങളിൽ ടി.ടി.സി പരീക്ഷ എഴുതി വിജയിക്കാതെ പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കും പഴയകരിക്കുലമനുസരിച്ചായിരിക്കും ഒന്നാം വർഷ രണ്ടാം വർഷ പരീക്ഷകൾ നടത്തുന്നത്. ***മുൻ വർഷങ്ങളിൽ തോറ്റിട്ട് പ്രൈവറ്റായി പരീക്ഷ എഴുതുന്ന ടി.ടി.സി ബുക്കുള്ള പരീക്ഷാർത്ഥികൾക്ക് കമ്പ്യൂട്ടർ ടാബുലേഷൻ നടത്തുന്നില്ല. ഇവർക്ക് കാൻഡിഡേറ്റ് ലിസ്റ്റിന് പകരം മാനുവൽ ടാബുലേഷനുള്ള A and B list സമർപ്പിക്കണം.***

**പരീക്ഷാ ഫീസ്**

| സീരിയൽ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1. | ഫുൾ കോഴ്സ് I$^{st}$ and II$^{nd}$ Year & Practical | 150 രൂ. |
| 2. | ഫുൾകോഴ്സ് I$^{st}$ Year (തിയറി & പ്രാക്ടിക്കൽ) | 50 രൂ. |
| 3. | ഫുൾകോഴ്സ് 2$^{nd}$ Year (തിയറി & പ്രാക്ടിക്കൽ) | 100 രൂ. |
| 4. | ഒരു പേപ്പർ | 15 രൂ. |
| 5. | പ്രാക്ടിക്കൽ | 20 രൂ. |
| 6. | ഫൈൻ | 10 രൂ. |
| 7. | പരീക്ഷാഫീസിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് - (0202-01-102-99 Examination Fees.) | |
| 8. * | സർട്ടിഫിക്കറ്റിനുള്ള ഫീസ് , സർട്ടിഫിക്കറ്റിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് - (0202-01-102-92 Other receipts) | 50 രൂ. |

** എല്ലാ വിഭാഗം വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കേണ്ടതാണ്.*

**കാൻഡിഡേറ്റ് ലിസ്റ്റ്**

**താഴെപ്പറയുന്ന 7 തരം കാൻഡിഡേറ്റ് ലിസ്റ്റുകൾ ഈ വർഷം കമ്പ്യൂട്ടർ ടാബുലേഷനായി സമർപ്പിക്കേണ്ടതാണ്.**

| | | | |
|---|---|---|---|
| *Candidate list - 1* | *First Year TTC Examination-2010* | *New Curriculum* | *Regular Institution Going Candidates* |
| *Candidate list - 2* | *First Year TTC Examination-2009* | *New Curriculum* | *Re-appearance Candidates* |
| *Candidate list - 3* | *Second Year TTC Examination-2010* | *New Curriculum* | *Regular Institution Going Candidates* |
| *Candidate list - 4* | *First Year TTC Examination-2008,2007,2006* | *New Curriculum* | *Private Candidates* |
| *Candidate list - 5* | *Second Year TTCExamination-2008,2007.2006* | *New Curriculum* | *Private Candidates* |
| *Candidate list - 6* | *First Year TTC Examination-2005* | *Old Curriculum* | *Private Candidates* |
| *Candidate list - 7* | *Second Year TTC Examination-2006* | *Old Curriculum* | *Private Candidates* |

*ടി.ടി.ഐ പ്രിൻസിപ്പാൾമാർ കാൻഡിഡേറ്റ് ലിസ്റ്റ് ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിച്ച് ചീഫ് സൂപ്രണ്ട്മാരുടെ ഒപ്പ് വാങ്ങേണ്ടതാണ്. പ്രസ്തുത കാൻഡിഡേറ്റ് ലിസ്റ്റ് (ടി.ടി.ഐകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ) DDE ക്ക് സമർപ്പിച്ച് കാൻഡിഡേറ്റ് ലിസ്റ്റിൽ മേലൊപ്പ് വാങ്ങേണ്ടതാണ്. യാതൊരു കാരണവശാലും റഗുലർ വിദ്യാർത്ഥികളുടെ ഫാറത്തിൽ പ്രൈവറ്റ് വിദ്യാർത്ഥികളുടെ ബയോഡേറ്റ പൂരിപ്പിക്കരുത്.*

*പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച് 15 ദിവസത്തിനുള്ളിൽ ഉത്തരക്കടലാസ് സ്ക്രൂട്ടിനി ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. റീവാല്യുവേഷനുള്ള അപേക്ഷയും 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. സ്ക്രൂട്ടിനിക്കും റീവാല്യുവേഷനുമുള്ള ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.*

| ***ഇനം*** | ***റേറ്റ്*** | ***ഹെഡ് ഓഫ് അക്കൗണ്ട്*** |
|---|---|---|
| *സ്ക്രൂട്ടിനി* | *പേപ്പർ ഒന്നിന് 25 രൂപ* | *0202-01-102-92-other receipts* |
| *റീവാല്യുവേഷൻ* | *പേപ്പർ ഒന്നിന് 400 രൂപ* | *പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ എടുത്ത സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഡിമാന്റ് ഡ്രാഫ്റ്റ്* |

***താഴെപ്പറയുന്ന ക്രമമനുസരിച്ചാണ് പരീക്ഷാ ജോലികൾ പൂർത്തിയാക്കേണ്ടത്.***

| | | |
|---|---|---|
| *1* | *പരീക്ഷാ ഫീസ് ടി.ടി.ഐകളിൽ ഒടുക്കേണ്ട അവസാന തീയതി* | *2010 ജനുവരി 22* |
| 2 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ ഫൈനില്ലാതെ ട്രഷറിയിൽ ഒടുക്കേണ്ട തീയതി | *2010 ജനുവരി 23* |
| 3 | ഫൈനോടുകൂടി ടി.ടി.ഐകളിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | *2010 ജനുവരി 27* |
| 4 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ പരീക്ഷ ഫൈനോടുകൂടി ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | *2010 ജനുവരി 28* |
| 5 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ കാൻഡിഡേറ്റ് ലിസ്റ്റ്, A & B List ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസിൽ എത്തിക്കേണ്ട അവസാന തീയതി | *2010 ജനുവരി 30* |
| 6 | പരീക്ഷാ ഭവനിൽ നിന്നും കമ്പ്യൂട്ടറൈസ്ഡ് കാൻഡിഡേറ്റ് ലിസ്റ്റ് (ഫസ്റ്റ് പ്രിന്റ് ഔട്ട്) ടി.ടി.ഐകളിലേക്ക് അയക്കുന്ന തീയതി | *2010 ഫെബ്രുവരി 27* |
| 7 | കമ്പ്യൂട്ടർ കാൻഡിഡേറ്റ് ലിസ്റ്റ് ഫസ്റ്റ് പ്രിന്റ് ഔട്ട് TTI ൽ നിന്നും പരീക്ഷാ ഭവനിലേക്ക് ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കേണ്ട തീയതി | *2010 മാർച്ച് 8* |
| 8 | ഹാൾടിക്കറ്റും രജിസ്റ്റർ നമ്പർ ചേർത്ത കാൻഡിഡേറ്റ് ലിസ്റ്റും പരീക്ഷാ കേന്ദ്രങ്ങളിലേക്ക് വിതരണം പൂർത്തിയാക്കുന്ന തീയതി | *2010 മേയ് 15* |

**സെക്രട്ടറി**

# TIME TABLE

## TTC FIRST YEAR EXAMINATION 2010 (OLD CURRICULUM )

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 09/06/2010 | Wednesday | 10 A.M to 12.30 P.M | Theoretical Basis of Modern Education Introductory Concepts and Principle - I |
| 10/06/2010 | Thursday | 10 A.M to 12.30 P.M | Psychology in Modern Educational Practice - I |
| 11/06/2010 | Friday | 10 A.M to 12.30 P.M | Regional Language Education - (Malayalam, Tamil, Kannada) |
| 14/06/2010 | Monday | 10 A.M to 12.30 P.M | English Language Education - I |
| 15/06/2010 | Tuesday | 10 A.M to 12.30 P.M | Mathematics Education - I |
| 16/06/2010 | Wednesday | 10 A.M to 12.30 P.M | General Science Education - I |
| 17/06/2010 | Thursday | 10 A.M to 12.30 P.M | Social Science Education - I |

## TTC SECOND YEAR EXAMINATION 2010 (OLD CURRICULUM)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 09/06/2010 | Wednesday | 2 P.M To 4.30 P.M | Theoretical Basis of Modern Education Introductory Concepts and Principle - II |
| 10/06/2010 | Thursday | 2 P.M To 4.30 P.M | Psychology in Modern Educational Practice - II |
| 11/06/2010 | Friday | 2 P.M To 4.30 P.M | Regional Language Education-II (Malayalam, Tamil, Kannada) |
| 14/06/2010 | Monday | 2 P.M To 4.30 P.M | English Language Education - II |
| 15/06/2010 | Tuesday | 2 P.M To 4.30 P.M | Mathematics Education - II |
| 16/06/2010 | Wednesday | 2 P.M To 4.30 P.M | General Science Education - II |
| 17/06/2010 | Thursday | 2 P.M To 4.30 P.M | Social Science Education - II |

**SECRETARY**

# TIME TABLE

## TTC FIRST YEAR EXAMINATION 2010 (NEW CURRICULUM )

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 09/06/2010 | Wednesday | 10 A.M to 12.30 P.M | Paper I - Psychological Basis of Education |
| 10/06/2010 | Thursday | 10 A.M to 12.30 P.M | Paper II - Theoretical, Social and Historical Basis of Education - Direction and Management of Educational Institution |

## TTC SECOND YEAR EXAMINATION 2010 ( NEW CURRICULUM)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 09/06/2010 | Wednesday | 2 P.M To 4.30 P.M | Paper III - Learning of Mother Tongue - Approach and Practice |
| 10/06/2010 | Thursday | 2 P.M To 4.30 P.M | Paper IV - Learning of English Language - Approach and Practice |
| 11/06/2010 | Friday | 2 P.M To 4.30 P.M | Paper V - Learning of Mathematics - Approach and Practice |
| 14/06/2010 | Monday | 2 P.M To 4.30 P.M | Paper VI - Learning of General Science - Approach and Practice |
| 15/06/2010 | Tuesday | 2 P.M To 4.30 P.M | Paper VII - Learning of Social Science - Approach and Practice |
| 16/06/2010 | Wednesday | 2 P.M To 4.30 P.M | Paper VIII - Learning of Art, Health and Physical Education, Work Experience, Information Technology - Approach and Practice |

**SECRETARY**